പയസിനി പദ്ധതി

29 (1695) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയസിനി പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) പദ്ധതിയുടെ മതിപ്പുചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ വെളിപ്പെടുത്തുമോ ;

(ഡി) പദ്ധതി പൂർത്തിയാക്കാൻ എത്ര സമയത്ത് ജലസേചനസൗകര്യം ഏർപ്പെടുത്തുവാൻ സാദ്ധ്യമാകും എന്ന് വ്യക്തമാക്കുമോ ;

(ഇ) പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടക്കുന്നുണ്ടോ ;

(എഫ്) പദ്ധതി സംബന്ധമായ മറ്റ് എന്തെങ്കിലും പ്രവൃത്തി ഇപ്പോൾ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. 1982-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 28.64 കോടിരൂപ.

(ഡി) ഏകദേശം 7550 ഹെക്ടർ സ്ഥലത്ത്.

(ഇ&എഫ്) ആവശ്യമായ സർവ്വേ ഉപകരണങ്ങളുടെയും ഗതാഗത സൗകര്യത്തിന്റെയും ഫണ്ടിന്റെയും അഭാവത്തിൽ ഇൻവെസ്റ്റിഗേഷൻ ജോലികൾ ഇപ്പോൾ മന്ദഗതിയിലാണ്.

സാമൂഹ്യ ജലസേചന പദ്ധതികൾ

30 (1696) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമങ്ങൾതോറും ഓരോ കൃഷിയിടങ്ങളിലുമുള്ള കർഷകരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ നേതൃത്വത്തിൽ സാമൂഹ്യ ജലസേചന പദ്ധതികൾ നടപ്പാക്കുവാൻ നടപടി സ്വീകരിക്കാമോ ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര സാമൂഹ്യ ജലസേചന പദ്ധതികൾ ഉണ്ട് ;

(സി) പുതുതായി എത്ര സാമൂഹ്യ ജലസേചന പദ്ധതികൾ തുടങ്ങാൻ ഉദ്ദേശ്യമുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കൃഷിവകുപ്പിന്റെ സമഗ്ര നാളികേര വികസന പദ്ധതിയുടെ ഭാഗമായി കർഷകരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ നേതൃത്വത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

178 സാമൂഹ്യ ജലസേചന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ ഭൂരിഭാഗവും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ജലസേചന വകുപ്പിന്റെ കീഴിൽ, നെതർലാന്റ് സർക്കാരിന്റെ സഹായത്തോടുകൂടി തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള സാമൂഹ്യ ജലസേചന സമിതിയുടെ പ്രവർത്തനത്തിന്റെ ഭാഗമായ ജലോപയോഗ സംഘങ്ങൾക്കായി 96 പദ്ധതികളുണ്ട്. ഇവയിൽ 93 എണ്ണം പണി പൂർത്തിയാക്കി. 3 എണ്ണം പൂർത്തീകരണ ഘട്ടത്തിലാണ്.

(സി) കൃഷിവകുപ്പ് 1999-2000 വർഷത്തിൽ പുതിയ പദ്ധതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ കേരളാ സാമൂഹ്യ ജലസേചന സമിതി, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശമുണ്ട്. ഇതിലേയ്ക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പുമെന്റിനെ ഏൽപ്പിച്ചിരിക്കുകയാണ്.

ഉൾനാടൻ ജലപാതകളുടെ പുനരുദ്ധാരണം

31 (1697) ശ്രീ. പി. രാജു :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉൾനാടൻ ജലപാതകളുടെ പുനരുദ്ധാരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തിപ്പോൾ പുനരുദ്ധരിക്കേണ്ട എത്ര കിലോമീറ്റർ ഉൾനാടൻ ജലപാതയുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പശ്ചിമ തീരകനാലിൽ ഉൾപ്പെടുന്ന ടി. എസ്. കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം (കൊടുങ്ങല്ലൂർ) വരെയുള്ള ഭാഗം ദേശീയ ജലപാത-3 ആയി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ഭാഗത്തു വരുന്ന എല്ലാ നവീകരണ/ വികസനപ്രവർത്തനങ്ങളും കേന്ദ്രസർക്കാരിന്റെ സ്റ്റാറ്റ്യൂട്ടറി ബോഡിയായ ഇൻലാന്റ് വാട്ടർ വെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ വഴിയാണ് നടത്തിവരുന്നത്. ഈ ജലപാതയുടെ ആഴവും വീതിയും കൂട്ടുക, ജലഗതാഗത ടെർമിനലുകൾ നിർമ്മിക്കുക, ലോക്കുകളുടെ നിർമ്മാണം, പുനരുദ്ധാരണം മുതലായ ജോലികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. കൂടാതെ ജലപാതകളുടെ പുനരുദ്ധാരണത്തിനായി താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly